പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.251** **25.04.2017- ൽ മറുപടിയ്ക്ക്**

**കാരുണ്യ മെഡിക്കൽ സ്റ്റോറുകളിൽ അത്യാവശ്യ മരുന്നുകൾ**

| **ചോദ്യം**<br>**ശ്രീ.എൻ.ഷംസുദ്ദീൻ :** | **മറുപടി**<br>**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
|---|---|
| (എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുമായും സർക്കാർ ആശുപത്രികളുമായും ചേർന്നുള്ള കാരുണ്യ മെഡിക്കൽ സ്റ്റോറുകളിൽ അത്യാവശ്യ മരുന്നുകൾ ലഭ്യമല്ല എന്ന കാര്യം സർക്കാർ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇത് ചില മരുന്നുവിതരണ കമ്പനികളും സ്വകാര്യ ഫാർമസികളും ചേർന്നുള്ള ഒത്തുകളിയാണോ എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (ബി) ഇത്തരത്തിലുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (സി) ഇത് പരിഹരിക്കുവാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന റീട്ടെയിൽ മരുന്ന വിപണന ശൃംഖലയാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ. ആവശ്യക്കാരേറെയുള്ള ചിലതരം മരുന്നുകൾക്കും ജീവിതശൈലീ രോഗങ്ങളുടെ ചികിത്സയ്ക്കാവശ്യമായ ചില മരുന്നുകൾക്കും ആപേക്ഷികമായ രീതിയിലുള്ള ചില കുറവുകൾ കാരുണ്യ ഫാർമസികളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ നിലവിൽ സംഭരിക്കുന്ന മരുന്നുകളെ ഏറ്റവും കൂടുതൽ ആവശ്യക്കാരുള്ള മരുന്നുകൾ, മിതമായ രീതിയിൽ ആവശ്യക്കാരുള്ള മരുന്നുകൾ, നേരിയ രീതിയിൽ ആവശ്യക്കാരുള്ള മരുന്നുകൾ എന്നിങ്ങനെ മൂന്ന് ഗണങ്ങളിൽ പ്പെടുത്തി, അവസരോചിതമായ ഇടപെടലിലൂടെ കരുതൽ ശേഖരം ഉറപ്പാക്കി, തുടർച്ചയായ മരുന്ന് ലഭ്യത സാധ്യമാകുന്ന തരത്തിലാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ